I. ഇ.ബി. XV-കേരള നിയമസഭ/XIII-7

# പതിനഞ്ചാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

# നിയമസഭാ നടപടികൾ-സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2025 ഫെബ്രുവരി 10, തിങ്കൾ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(രാവിലെ 9.00 മുതൽ 10.00 വരെ ചോദ്യോത്തര സമയം)

## I. **തിരുത്തിയ ഉത്തരം**

നക്ഷത്രചിഹ്നമിടാത്ത 717-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

പതിനഞ്ചാം കേരള നിയമസഭയുടെ പന്ത്രണ്ടാം സമ്മേളനത്തിലെ 08-10-2024-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 717-ന്റെ തിരുത്തിയ ഉത്തരം വൈദ്യുതി വകുപ്പുമന്ത്രി മേശപ്പുറത്തുവച്ചു.

## II. ഗവർണറുടെ സന്ദേശം

2025 ജനുവരി 23-ാം തീയതി സഭ അംഗീകരിച്ച നന്ദിപ്രമേയത്തിന് കൃതജ്ഞത പ്രകാശിപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട ഗവർണർ നൽകിയ മറുപടി ബഹുമാനപ്പെട്ട സ്പീക്കർ സഭയെ അറിയിച്ചു.

## III. നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം

കിഫ്ബി

മി. സ്പീക്കർ: സംസ്ഥാനത്ത് വൻകിട അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ നടപ്പാക്കാൻ ഉദ്ദേശിച്ച് രൂപീകരിച്ച കിഫ്ബിയുടെ പ്രവർത്തനം താളം തെറ്റുകയും നാളിതുവരെ അംഗീകാരം നൽകിയ പദ്ധതികളിൽ ഭൂരിഭാഗവും പൂർത്തീകരിക്കാൻ സാധിക്കാത്തതുമായ ഗുരുതര സ്ഥിതിവിശേഷം ചർച്ച ചെയ്യുന്നതിനായി സഭാനടപടികൾ നിർത്തി വയ്ക്കണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ റോജി എം. ജോൺ, എൻ. എ. നെല്ലിക്കുന്ന്, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സംസ്ഥാനത്ത് ഒരു ബദൽ വികസന മാതൃകയെന്ന നിലയിൽ രൂപീകൃതമായ കിഫ്ബിയുടെ പ്രവർത്തനങ്ങളെ തകർക്കാനുള്ള ശ്രമങ്ങളാണ് പ്രതിപക്ഷം നടത്തുന്നത്. കിഫ്ബി ആകെ 87,521.36 കോടി രൂപയുടെ 1147 പദ്ധതികൾക്ക് നാളിതുവരെ അംഗീകാരം നൽകുകയും അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ പൂർത്തീകരിക്കുന്നതിനായി 33088 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. 67436 കോടി രൂപയുടെ 1140 അടിസ്ഥാന സൗകര്യ വികസന പദ്ധതികളിൽ 38205 കോടി രൂപയുടെ 697 പ്രോജക്ടുകൾ ടെൻഡർ ചെയ്തിട്ടുണ്ട്. വിവിധ വകുപ്പുകളിലെ പദ്ധതി പ്രവർത്തനങ്ങൾക്കായി കിഫ്ബിവഴി ഫണ്ട് വകയിരുത്തുകയും 140 മണ്ഡലങ്ങളിലും പ്രവർത്തനങ്ങൾ നടന്നുവരികയുമാണ്. കിഫ്ബി വഴിയുള്ള പദ്ധതികൾക്കായി 2016-21 കാലഘട്ടത്തിൽ ചെലവഴിച്ചതിനേക്കാൾ ഇരട്ടി തുക ചെലവഴിക്കുന്നതിനുള്ള ശ്രമങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ എല്ലാ നിയോജകമണ്ഡലങ്ങളിലെയും പദ്ധതികൾ പൂർത്തീകരിക്കുന്നതിനുള്ള ശ്രമങ്ങൾ സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകുന്നതാണ്.

ശ്രീ. റോജി എം. ജോൺ: കിഫ്ബിയുടെ രൂപീകരണവേളയിൽ പ്രതിപക്ഷം ചൂണ്ടിക്കാണിച്ച ആശങ്കകളും മുന്നറിയിപ്പുകളും ശരിയാണെന്ന് തെളിയിക്കുന്ന സാഹചര്യമാണ് സംസ്ഥാനത്ത് നിലവിലുള്ളത്. ധൂർത്തിന്റെയും അഴിമതിയുടെയും പിൻവാതിൽ നിയമനങ്ങളുടെയും കേന്ദ്രമായി കിഫ്ബി മാറിയിരിക്കുകയാണ്. അധികനികുതിഭാരം ജനങ്ങളുടെ മേൽ അടിച്ചേല്പിക്കാനുള്ള ശ്രമമാണ് സർക്കാർ നടത്തുന്നത്. സംസ്ഥാനത്തിന്റെ പ്ലാൻ ഫണ്ട് വിനിയോഗിച്ച് നടത്തേണ്ട പ്രവർത്തനങ്ങളാണ് കിഫ്ബിവഴി നടത്തിക്കൊണ്ടിരിക്കുന്നത്. മൊത്തം പദ്ധതികളിൽ കേവലം 25 ശതമാനത്തോളം മാത്രമാണ് വരുമാനദായകമായിട്ടുള്ളതെന്ന് മാത്രമല്ല നിർമ്മാണ പ്രവർത്തനങ്ങൾ മന്ദഗതിയിലുമാണ് നടന്നുകൊണ്ടിരിക്കുന്നത്. പത്ത് വർഷംകൊണ്ട് ഒരു ലക്ഷം കോടി രൂപയുടെ പദ്ധതികൾ നടപ്പാക്കുമെന്ന് പ്രഖ്യാപിച്ചിരുന്നുവെങ്കിലും 20 ശതമാനത്തിൽ താഴെ മാത്രമേ പൂർത്തീകരിക്കാൻ സാധിച്ചിട്ടുള്ളൂ. പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങൾക്കായുള്ള പദ്ധതികൾ വെട്ടിച്ചുരുക്കിയ സമീപനം അപലപനീയമാണ്. കിഫ്ബിയുടെ വരുമാനം വർധിപ്പിക്കാൻ കിഫ്ബി

ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച റോഡുകളിൽ ടോൾ പിരിക്കാനുള്ള നീക്കം പ്രതിഷേധാർഹമാണ്. ഈ വിഷയം ചർച്ച ചെയ്യുന്നതിനായി സഭാനടപടികൾ നിർത്തിവയ്ക്കണം.

ശ്രീ. കെ. എൻ. ബാലഗോപാൽ: കിഫ്ബിയിലൂടെ എല്ലാ നിയോജകമണ്ഡലങ്ങളിലേയും വിവിധ വികസന പ്രവർത്തനങ്ങൾക്കുള്ള ഫണ്ടിൽ വർധനവ് വരുത്താൻ സാധിച്ചിട്ടുണ്ട്. കിഫ്ബി ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച റോഡുകളിൽ ടോൾ പിരിക്കാൻ സർക്കാർ നീക്കം നടത്തുന്നുവെന്ന് പ്രചരിപ്പിച്ച് ജനങ്ങളെ ആശങ്കപ്പെടുത്തുന്നത് ശരിയായ നടപടിയല്ല. വരുമാനദായകമായ പദ്ധതികൾ സംബന്ധിച്ച് ചർച്ച ചെയ്ത് അവ നടപ്പാക്കാനാണ് നിലവിൽ തീരുമാനിച്ചിരിക്കുന്നത്. പട്ടികജാതി/പട്ടികവർഗ വിഭാഗങ്ങളുടേതുൾപ്പെടെ പ്രത്യേക പരിഗണന അർഹിക്കുന്ന ഒരു വിഭാഗത്തിന്റെയും വിഹിതത്തിൽ കുറവുവരുത്താനോ സാമൂഹ്യക്ഷേമ പെൻഷനിൽ മുടക്കം വരുത്താനോ സർക്കാർ ഉദ്ദേശിക്കുന്നില്ല. കോവിഡ് കാലഘട്ടത്തിൽ പ്ലാൻ ഫണ്ട് വർധിപ്പിക്കാൻ സാധിച്ചില്ലെങ്കിലും തുടർന്നുള്ള വർഷങ്ങളിൽ പത്തുശതമാനം വർധിപ്പിച്ചിട്ടുണ്ട്. കേരളത്തിൽ കിഫ്ബി പോലുള്ള പദ്ധതികൾ ശക്തമായി

മുന്നോട്ടുകൊണ്ടുപോകേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് രാഷ്ട്രീയത്തിനതീതമായി ചിന്തിക്കണമെന്ന് അഭ്യർഥിക്കുന്നു. ഈ വിഷയം ചർച്ച ചെയ്യുന്നതിനായി സഭാനടപടികൾ നിർത്തിവയ്ക്കേണ്ടതില്ല.

(നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന് അവതരണാനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി. ഡി. സതീശൻ, കെ. പി. എ. മജീദ്, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, ശ്രീമതി കെ. കെ. രമ എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അല്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## IV. ശ്രദ്ധക്ഷണിക്കൽ

### (1) വീട് നിർമ്മിക്കുന്നതിന് പെർമിസീവ് സാങ്ഷൻ

ശ്രീ. ടി. ഐ. മധുസൂദനൻ: ഭൂമി തരം മാറ്റവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് നിലവിലുള്ള പല നിയമങ്ങളുടെയും നിർവഹണത്തിലെ പോരായ്മകൾ സാധാരണക്കാർക്ക് പ്രയാസം സൃഷ്ടിക്കുന്നുണ്ട്. ഡാറ്റാ ബാങ്കിൽ ഉൾപ്പെടാത്ത മറ്റൊരു സ്ഥലവും സ്വന്തമായോ പങ്കാളിക്കോ

ഇല്ലാത്തവർക്ക് വീട് നിർമ്മിക്കുന്നതിന് പഞ്ചായത്തുകളിൽ 10 സെന്റും നഗരസഭകളിൽ 5 സെന്റും നികത്താൻ അനുവാദം നൽകാൻ നിയമത്തിൽ വ്യവസ്ഥയുണ്ടെങ്കിലും ഭൂരിഭാഗം അപേക്ഷകളും നിരസിക്കുന്ന നിലപാടാണ് ഉദ്യോഗസ്ഥർ പൊതുവിൽ സ്വീകരിച്ചുവരുന്നത്. ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടതും നിലം എന്ന് തെറ്റായി രേഖപ്പെടുത്തിയിട്ടുള്ളതുമായ ഭൂമിയുടെ തരംമാറ്റം സാധ്യമാക്കുന്നതിന് നിലവിലെ നിയമ വ്യവസ്ഥകളിൽ ഇളവനുവദിക്കുന്നതിന് നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): 2018-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമ പ്രകാരം ഡാറ്റാ ബാങ്കിൽ ഉൾപ്പെടാത്തതും നിലം ഇനത്തിൽപ്പെട്ടതും 10 സെന്റിൽ കവിയാത്തതുമായ ഭൂമിയിൽ 120 ച.മീ. വിസ്തീർണ്ണമുള്ള വീട് നിർമ്മിക്കുന്നതിനും 5 സെന്റ് വരെയുള്ള ഭൂമിയിൽ 40 ച.മീ. വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിട നിർമ്മാണത്തിനും തരംമാറ്റൽ ആവശ്യമില്ല. ഇത്തരം അപേക്ഷകളിൽ പെർമിറ്റ് നൽകുന്നതിന് ബി.ടി.ആർ.-ൽ 'നിലം' എന്ന് രേഖപ്പെടുത്തിയത് തടസ്സമാകില്ലെന്ന് ഉറപ്പുവരുത്തുന്നതാണ്. ഇത്തരം ആനുകൂല്യങ്ങൾ നിലവിലുണ്ടെന്ന കാര്യം പൊതുജനങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനും

ബന്ധപ്പെട്ട വകുപ്പുകളിൽ അപേക്ഷകൾ കെട്ടിക്കിടക്കുന്നുണ്ടെങ്കിൽ അവ അടിയന്തരമായി തീർപ്പുകല്പിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം നിലവിൽവന്ന 2008-ൽ ഉടമസ്ഥാവകാശമുണ്ടായിരുന്നതും ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടതുമായ നെൽവയലിന്റെ ഉടമസ്ഥനോ അയാളുടെ കുടുംബത്തിനോ വീട് വയ്ക്കാൻ പറ്റിയ സ്ഥലം സ്വന്തം ജില്ലയിലില്ലാത്തപക്ഷം ഗ്രാമപഞ്ചായത്തിൽ 10 സെന്റും നഗരപ്രദേശങ്ങളിൽ 5 സെന്റും നിലം നികത്തി വീട് വയ്ക്കാൻ അനുമതി ലഭിക്കും. അർഹതപ്പെട്ടവർക്ക് സമയബന്ധിതമായി അനുമതി നൽകുന്നതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്.

(2) ആശാ വർക്കർമാർ നേരിടുന്ന ബുദ്ധിമുട്ടുകൾ

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സംസ്ഥാനത്തെ ആശാ വർക്കർമാരുടെ ജോലിഭാരം ലഘൂകരിക്കുന്നതിനും ഓണറേറിയം, ഇൻസെന്റീവ് എന്നിവ വർധിപ്പിക്കുന്നതിനും പെൻഷൻ സ്കീം ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): ആശാ വർക്കർമാർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സംസ്ഥാന സർക്കാർ അനുഭാവപൂർണ്ണമായ നിലപാടാണ് സ്വീകരിക്കുന്നത്. അവർക്ക് അതത് മാസം തന്നെ വേതനം നൽകുന്നതിനും ജോലിഭാരം കുറയ്ക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചുവരികയാണ്. 2023-24 സാമ്പത്തികവർഷം ഇൻസെന്റീവ് ഇനത്തിൽ കേന്ദ്ര സർക്കാർ തുകയൊന്നും നൽകാത്ത സാഹചര്യത്തിലും സംസ്ഥാന സർക്കാർ 120 കോടി രൂപ അനുവദിക്കുകയും വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇൻസെന്റീവ് വർധിപ്പിക്കുന്ന കാര്യം പരിഗണിക്കാമെന്ന് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്.

## V. സബ്മിഷൻ

(1) കടൽ തീരങ്ങളിലെ മണൽ ഖനനത്തിനുള്ള കേന്ദ്ര തീരുമാനം റദ്ദാക്കൽ

പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ): കടൽ തീരങ്ങളിലെ മണലും ധാതുക്കളും ഖനനം ചെയ്യുന്നതിനുള്ള കേന്ദ്ര സർക്കാർ തീരുമാനം റദ്ദാക്കുന്നതിന് നടപടി സ്വീകരിക്കണം.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): ആഴക്കടൽ മത്സ്യബന്ധനവും ഖനനവും സ്വകാര്യ മേഖലയ്ക്ക് നിയമപരമായി

നൽകുന്ന സമീപനമാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചിരിക്കുന്നത്. 2002-ലെ ഓഫ്ഷോർ ഏര്യ മിനറൽസ് (ഡെവലപ്മെന്റ് ആൻഡ് റെഗുലേഷൻ) ആക്റ്റിന്റെ തുടർച്ചയായാണ് തീരദേശ സംസ്ഥാനങ്ങളുടെ സുരക്ഷയും അവകാശവും സംരക്ഷിക്കാതെ മണൽഖനനത്തിനുള്ള നടപടി സ്വീകരിച്ചിരിക്കുന്നത്. യാതൊരു പഠനവും നടത്താതെ ധാതുപര്യവേഷണം ഉൾപ്പെടെയുള്ള കടൽഖനനം സ്വകാര്യ മേഖലയ്ക്ക് തുറന്നുകൊടുത്തത് പാരിസ്ഥിതിക സാമൂഹിക പ്രത്യാഘാതങ്ങളുണ്ടാക്കുമെന്ന് സംസ്ഥാനത്തിന്റെ വിയോജിപ്പിൽ വ്യക്തമാക്കിയിട്ടുണ്ട്. ഓഫ്ഷോർ മൈനിങ് മൂലമുണ്ടാകുന്ന പാരിസ്ഥിതിക വിഷയങ്ങൾ സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഷ്യാനോഗ്രഫിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. കടൽ മണൽ ഖനനം തടയുന്നതിന് സാധ്യമായ എല്ലാ ശ്രമങ്ങളും നടത്തും.

## (2) മരണമടഞ്ഞ സിവിൽ പോലീസ് ഓഫീസറുടെ ആനുകൂല്യങ്ങൾ ലഭ്യമാക്കൽ

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): കോട്ടയം വെസ്റ്റ് പോലീസ് സ്റ്റേഷനിലെ മരണമടഞ്ഞ സിവിൽ പോലീസ് ഓഫീസർ ശ്യാം പ്രസാദിന്റെ കുടുംബത്തിന് ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): കോട്ടയം വെസ്റ്റ് പോലീസ് സ്റ്റേഷനിലെ സിവിൽ പോലീസ് ഓഫീസർ ശ്യാം പ്രസാദ് രാത്രി ഡ്യൂട്ടി കഴിഞ്ഞ് മടങ്ങിവരവെ ഏറ്റുമാനൂരിൽ കട നടത്തുന്ന സ്ത്രീയെയും സഹായിയെയും ഒരാൾ മർദ്ദിക്കുകയും ഭീഷണിപ്പെടുത്തുകയും ചെയ്യുന്നതുകണ്ട് തടയാൻ ശ്രമിക്കവെ അക്രമി മാരകമായി ചവിട്ടി പരിക്കേല്പിച്ചതിനെത്തുടർന്ന് മരണപ്പെട്ട സംഭവത്തിൽ ഏറ്റുമാനൂർ പോലീസ് കേസ് രജിസ്റ്റർ ചെയ്യുകയും പ്രതിയെ റിമാൻഡ് ചെയ്യുകയും ചെയ്തിട്ടുണ്ട്. പോലീസ് ഉദ്യോഗസ്ഥനെന്ന നിലയിൽ ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകേണ്ട ഉത്തരവാദിത്വം നിറവേറ്റുന്നതിനിടെ ശ്യാം പ്രസാദ് കൊല്ലപ്പെട്ട സംഭവത്തിൽ പ്രതിക്ക് പരമാവധി ശിക്ഷ ഉറപ്പാക്കുന്നതിനും കുടുംബത്തിന് നിലവിലെ വ്യവസ്ഥ പ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്.

## (3) പനവൂർ ഗവ. എൽ.പി. സ്കൂളിലെ മോഡൽ പ്രീ-പ്രൈമറി കെട്ടിട നിർമ്മാണം

ശ്രീ. ഡി. കെ. മുരളി: തിരുവനന്തപുരം ജില്ലയിലെ വാമനപുരം നിയോജകമണ്ഡലത്തിലെ പനവൂർ ഗവൺമെന്റ് എൽ.പി. സ്കൂളിലെ മോഡൽ

പ്രീ-പ്രൈമറി കെട്ടിടത്തിന്റെ നിർമ്മാണം സാങ്കേതികാനുമതി ലഭ്യമാക്കി ആരംഭിക്കാൻ നടപടി സ്വീകരിക്കണം.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): പനവൂർ ഗവൺമെന്റ് എൽ.പി. സ്കൂളിലെ മോഡൽ പ്രീ-പ്രൈമറി കെട്ടിട നിർമ്മാണം ആരംഭിക്കുന്നത് സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചുകൂട്ടി പരിഹാരം കാണുന്നതാണ്.

(4) കോട്ടയം നഗരസഭയിലെ ക്രമക്കേട്

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: കോട്ടയം നഗരസഭയിൽ കണ്ടെത്തിയ ക്രമക്കേടും അഴിമതിയും സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണവും എക്സൈസും പാലർമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): കോട്ടയം നഗരസഭയിൽ സാങ്കേതിക വിദഗ്ധർ ഉൾപ്പെട്ട ഉന്നതതല സംഘം നടത്തിയ പരിശോധനയിൽ ഗുരുതരമായ ക്രമക്കേടുകളും അഴിമതിയും നടന്നതായി ബോധ്യപ്പെടുകയും വിശദമായ മറുപടിയും രേഖകളും ലഭ്യമാക്കാൻ കോട്ടയം നഗരസഭാ സെക്രട്ടറിക്ക് നിർദേശം നൽകുകയും ചെയ്തിട്ടുണ്ട്. വർഷങ്ങളായി നടക്കുന്ന

ക്രമക്കേടായതിനാലും ഒട്ടേറെ ജീവനക്കാരും ഉത്തരവാദപ്പെട്ടവരും ഉൾപ്പെട്ട വിഷയമായതിനാലും ക്രമക്കേടിന്റെ വ്യാപ്തിയും ആഴവും കണ്ടെത്തി കുറ്റക്കാർക്കെതിരെ ക്രിമിനൽ നടപടി സ്വീകരിക്കാൻ സംസ്ഥാന പോലീസ് (വിജിലൻസ്) വിഭാഗത്തോട് ആവശ്യപ്പെടുന്നതാണ്.

(5) തെരുവുനായ ആക്രമണം

ശ്രീ. അൻവർ സാദത്ത്: ജനങ്ങളുടെ സ്വൈരജീവിതത്തിന് ഭീഷണിയായ തെരുവുനായ ശല്യം പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണവും എക്സൈസും പാലർമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): തെരുവുനായ്ക്കളുടെ വംശവർധനവ് നിയന്ത്രിക്കുന്നതിനും പേവിഷബാധ തടയുന്നതിനും തെരുവോരങ്ങളിലെ മാലിന്യനിക്ഷേപം നിരുത്സാഹപ്പെടുത്തുന്നതിനുമുള്ള മാർഗനിർദേശങ്ങൾ പുറപ്പെടുവിക്കുകയും തദ്ദേശസ്വയംഭരണ, മൃഗസംരക്ഷണ വകുപ്പുകൾ സംയുക്ത പ്രവർത്തനങ്ങൾ നടത്തിവരികയും ചെയ്യുന്നുണ്ട്. എ.ബി.സി. പ്രോഗ്രാം നടപ്പാക്കാൻ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും നിർദേശം നൽകുകയും നിലവിലുള്ള 15 എ.ബി.സി. കേന്ദ്രങ്ങൾക്ക് പുറമെ പുതിയവ

ആരംഭിക്കാനുള്ള നടപടി സ്വീകരിച്ചുവരികയുമാണ്. എ.ബി.സി. കേന്ദ്രങ്ങൾക്ക് ഭൗതിക സാഹചര്യമേർപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് നിയമത്തിൽ ഇളവ് നൽകണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടെങ്കിലും നിയമം കൂടുതൽ കർശനമാക്കുകയാണ് ചെയ്തിട്ടുള്ളത്.

(വിശദമായ മറുപടി മേശപ്പുറത്തുവച്ചു.)

(6) ഓങ്ങല്ലൂർ-വല്ലപ്പുഴ സമഗ്ര കുടിവെള്ള പദ്ധതി

ശ്രീ. മുഹമ്മദ് മുഹസിൻ: പട്ടാമ്പി നഗരസഭ പ്രദേശത്ത് അമൃത് II പദ്ധതിയുടെ ആദ്യഘട്ടം പൂർത്തീകരിക്കാനും സാങ്കേതിക പ്രശ്നങ്ങൾ പരിഹരിച്ച് ഓങ്ങല്ലൂർ-വല്ലപ്പുഴ സമഗ്ര കുടിവെള്ള പദ്ധതി പ്രാവർത്തികമാക്കാനുമുള്ള നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): പട്ടാമ്പി നഗരസഭ പ്രദേശത്ത് കുടിവെള്ള പുനരുദ്ധാരണ പ്രവൃത്തികൾക്കുവേണ്ടി അമൃത് II പദ്ധതിയിലുൾപ്പെടുത്തി 7.74 കോടി രൂപയുടെ ഭരണാനുമതി ലഭ്യമാക്കുകയും 2.01 കോടി രൂപയുടെ അധിക ഭരണാനുമതി ലഭ്യമാക്കാനുള്ള നടപടി സ്വീകരിച്ചുവരികയുമാണ്. ഓങ്ങല്ലൂർ പഞ്ചായത്തിലെ റെയിൽവേ ക്രോസിങ് പോയിന്റിൽ മണ്ണിന്റെ

ഘടനയുമായി ബന്ധപ്പെട്ട് തർക്കം ഉന്നയിച്ച് കരാറുകാരൻ ഹൈക്കോടതിയിൽ ഫയൽ ചെയ്തിരിക്കുന്ന കേസിൽ കാലതാമസം ഒഴിവാക്കുന്നതിനായി കരാറുകാരനുമായി ചർച്ച നടത്തി പ്രവൃത്തി തുടരുന്നതിനോ അനന്തര നടപടികൾ സ്വീകരിച്ച് പദ്ധതി പൂർത്തീകരിക്കുന്നതിനോ നടപടി സ്വീകരിക്കുന്നതാണ്.

(7) കയർമേഖലയിലെ തൊഴിലാളികളുടെ പ്രശ്നങ്ങൾ

ശ്രീ. പി. പി. ചിത്തരഞ്ജൻ: കയർമേഖലയിലെ തൊഴിലാളികൾ അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങൾ പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): കയർ മേഖലയിലെ പ്രശ്നങ്ങൾ പഠിക്കാൻ നിയോഗിച്ച സമിതി സമർപ്പിച്ച റിപ്പോർട്ടിലെ നിർദേശങ്ങളിൽ പലതും നടപ്പാക്കിയിട്ടുണ്ട്. കയർ കോർപ്പറേഷനും ഫോം മാറ്റിംഗ്സും ഇപ്പോൾ ലാഭത്തിലാണ് പ്രവർത്തിക്കുന്നത്. ചകിരിച്ചോറിനും ചെറിയ ഫൈബറിനും വിപണി കണ്ടെത്താൻ ശ്രമിക്കുന്നതാണ്. കയർ തൊഴിലാളികളുടെ ശമ്പളം ബാങ്ക് മുഖേനയാക്കാൻ ആലോചിക്കുന്നുണ്ട്. വിതരണം ചെയ്ത മെഷീനുകൾ

പൂർണ്ണതോതിൽ പ്രവർത്തിപ്പിക്കാനും എല്ലാ കയർ മെഷീനുകൾക്കും എ.എം.സി. നടപ്പാക്കാനുമുള്ള ശ്രമം നടക്കുന്നുണ്ട്. 300 സ്ത്രീ തൊഴിലാളികൾക്ക് സ്റ്റൈപ്പന്റോടുകൂടി പുതിയ ഡിസൈനുകൾക്കുള്ള പരിശീലനം നൽകിവരുന്നുണ്ട്. കയർ തൊഴിലാളികളുടെ കൂലി വർധിപ്പിക്കണമെന്ന ആവശ്യം സർക്കാർ ഗൗരവമായി പരിശോധിക്കുന്നുണ്ട്.

(8) <u>ബാലുശ്ശേരി-നടുവണ്ണൂർ മന്ദൻകാവിൽ ലൈഫ് ഫ്ലാറ്റ് സമുച്ചയം</u>

<u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: ബാലുശ്ശേരി നിയോജകമണ്ഡലത്തിലെ നടുവണ്ണൂർ മന്ദൻകാവിൽ നിർമ്മിക്കുന്ന ലൈഫ് ഫ്ലാറ്റ് സമുച്ചയത്തിന്റെ പ്രവൃത്തി അടിയന്തരമായി പുനരാരംഭിക്കാൻ നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. എം. ബി. രാജേഷ്</u>): കോഴിക്കോട് ജില്ലയിലെ നടുവണ്ണൂർ ഗ്രാമപഞ്ചായത്തിലെ മന്ദൻകാവിൽ റവന്യൂ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള 196 സെന്റ് ഭൂമിയിൽ 120 ഭവനങ്ങളടങ്ങിയ ഭവനസമുച്ചയ നിർമ്മാണത്തിന് 16.80 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആദ്യഘട്ടത്തിൽ 72 ഭവനങ്ങൾ നിർമ്മിക്കുന്നതിനായി 9.38 കോടി രൂപയുടെ സാങ്കേതികാനുമതി ലൈഫ് മിഷൻ ടെക്നിക്കൽ കമ്മിറ്റി നൽകുകയും

ഭവനസമുച്ചയത്തിന്റെ ഫൗണ്ടേഷൻ പ്രവൃത്തികൾ ഭാഗികമായി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. 09-12-2020-ൽ കരാറിൽ ഒപ്പുവച്ച പ്രസ്തുത പദ്ധതിയുടെ നിർമ്മാണ കാലാവധി 6 മാസമായിരുന്നെങ്കിലും കോവിഡ് മഹാമാരിമൂലം പ്രവൃത്തി തടസ്സപ്പെടുകയുണ്ടായി. നിർമ്മാണ സാമഗ്രികളിലുണ്ടായ വില വർധനവുകാരണം കരാർ തുക വർധിപ്പിക്കണമെന്ന് കരാറുകാർ ആവശ്യപ്പെട്ടതിനെത്തുടർന്ന് അത് പരിശോധിക്കുന്നതിനായി സർക്കാർ രൂപീകരിച്ച സാങ്കേതിക സമിതിയുടെ ശിപാർശകൾ പരിഗണനയിലാണ്.

(9) തോലന്നൂർ ഗവ. ആർട്സ് ആൻഡ് സയൻസ് കോളേജിലെ കെട്ടിട നിർമ്മാണം

ശ്രീ. പി. പി. സുമോദ്: തരൂർ നിയോജകമണ്ഡലത്തിലെ തോലന്നൂർ ഗവ. ആർട്സ് ആൻഡ് സയൻസ് കോളേജിലെ കെട്ടിട നിർമ്മാണ പ്രവൃത്തി അടിയന്തരമായി ആരംഭിക്കാൻ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): തോലന്നൂർ ഗവ. ആർട്സ് ആൻഡ് സയൻസ് കോളേജിലെ കെട്ടിട നിർമ്മാണ പ്രവൃത്തിക്കായി 2019-20 സാമ്പത്തിക വർഷം പത്തുകോടി രൂപ വകയിരുത്തിയെങ്കിലും കെട്ടിടനിർമ്മാണത്തിന്

അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിന് കാലതാമസമുണ്ടായി. 28-06-2024-ൽ കെട്ടിടനിർമ്മാണത്തിനുവേണ്ട ഭരണാനുമതിക്കുള്ള എസ്റ്റിമേറ്റ് ഉന്നതവിദ്യാഭ്യാസ വകുപ്പിന് സമർപ്പിച്ചെങ്കിലും പുതിയ നിർദേശങ്ങൾകൂടി ഉൾപ്പെടുത്തി സമയബന്ധിതമായി പുനർസമർപ്പിക്കാൻ ബന്ധപ്പെട്ട ചീഫ് എഞ്ചിനീയർക്ക് നിർദേശം നൽകിയിട്ടുണ്ട്.

(10) പിറവത്തെ ഹെൽത്ത് സെന്ററുകളുടെ പ്രവർത്തനം

ശ്രീ. അനൂപ് ജേക്കബ്: പിറവം നിയോജകമണ്ഡലത്തിലെ ബ്ലോക്ക് സി.എച്ച്.സി.-കളുടെ സ്റ്റാറ്റസ്കോ നിലനിർത്താനും സി.എച്ച്.സി./ എഫ്.എച്ച്.സി.-കളിലെ സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കാനും രാത്രികാല സേവനം ഉറപ്പുവരുത്താനും നടപടി സ്വീകരിക്കണം.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): റവന്യൂ-ആരോഗ്യ ബ്ലോക്കുകൾ ഏകീകരിക്കുന്നതുമായി ബന്ധപ്പെട്ട വിഷയം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ അതത് ജില്ലകളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദേശം നൽകിയിട്ടുണ്ട്. ടി വിഷയത്തിൽ സർക്കാർ നയപരമായ തീരുമാനം അന്തിമമായി സ്വീകരിച്ചിട്ടില്ലാത്തതിനാൽ അതുവരെ സ്റ്റാറ്റസ്കോ നിലനിൽക്കുന്നതാണ്.

ആർദ്രം പദ്ധതി പ്രകാരം നിശ്ചയിച്ച സ്റ്റാൻഡേർഡൈസേഷൻ അനുസരിച്ചുള്ള തസ്തിക സൃഷ്ടിക്കുന്നമുറയ്ക്ക് പിറവം സാമൂഹിക ആരോഗ്യകേന്ദ്രത്തിന്റെ കാര്യവും പരിഗണിക്കുന്നതാണ്.

## VI. ക്രമപ്രശ്നം

ബജറ്റ് വിഹിതം വെട്ടിക്കുറച്ചത് സംബന്ധിച്ച്

പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ): 2024-25 സാമ്പത്തിക വർഷത്തെ പദ്ധതിവിഹിതങ്ങളുടെ പുന:ക്രമീകരണത്തിനും പ്രോജക്ടുകളുടെ അനിവാര്യത പരിശോധിക്കുന്നതിനുമായി 17-04-2024-നും തുടർന്ന് പദ്ധതി ക്രമീകരണം നടപ്പാക്കുന്നതിനുള്ള മാർഗനിർദേശങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് 31-08-2024-നും സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിൻപ്രകാരം എസ്.സി./എസ്.ടി. വിഭാഗങ്ങൾക്കുള്ള വിവിധ പദ്ധതികളുടെയും ന്യൂനപക്ഷക്ഷേമ വകുപ്പുമുഖേന നൽകുന്ന സ്കോളർഷിപ്പുകളുടെയും ബജറ്റ് വിഹിതം വെട്ടിക്കുറച്ചുകൊണ്ട് വകുപ്പുകൾ ജനുവരി 15-നും 22-നും ഉത്തരവ് പുറപ്പെടുവിച്ചു. മുഖ്യമന്ത്രി നിയമസഭയിൽ റൂൾ 300 പ്രകാരം നടത്തിയ പ്രസ്താവനയുടെ തുടർനടപടിയായാണ് പദ്ധതി വിഹിതം വെട്ടിക്കുറച്ചത്. 2024-25-ലെ അപ്രോപ്രിയേഷൻ ബിൽ

നിയമസഭ പാസാക്കുകയും ഗവർണറുടെ അനുമതിയോടുകൂടി 2024 ജൂലൈ 31-ന് ആക്റ്റായി പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുള്ളതാണ്. ഇപ്രകാരം നിയമസഭ അംഗീകരിച്ച ധനാഭ്യർഥനകളിൽ വ്യത്യാസം വരുത്താനുള്ള അധികാരം എക്സിക്യൂട്ടീവിനില്ല. നിയമസഭയ്ക്കുപോലും അതിനുള്ള അധികാരമില്ലെന്നിരിക്കെ ഇത്തരത്തിൽ ഉത്തരവിറക്കിയത് ക്രമപ്രകാരമല്ല. ടി വിഷയത്തിൽ അങ്ങ് ഇടപെട്ട് കർശനമായി റൂളിങ് നൽകുകയും മേൽസൂചിപ്പിച്ച ഉത്തരവുകൾ റദ്ദാക്കണമെന്ന് സർക്കാരിനോട് ആവശ്യപ്പെടുകയും ചെയ്യണം.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): 2024-25 സാമ്പത്തിക വർഷത്തെ പദ്ധതിവിഹിതങ്ങളുടെ പുനഃക്രമീകരണത്തിനും പ്രോജക്ടുകളുടെ അനിവാര്യത പരിശോധിക്കുന്നതിനുമായി സർക്കാർ 31-08-2024-ൽ പുറപ്പെടുവിച്ച ധന ഉത്തരവിനെതിരെയാണ് ക്രമപ്രശ്നം ഉന്നയിച്ചിരിക്കുന്നത്. ഭരണഘടന അനുച്ഛേദം 202 അനുസരിച്ച് ഓരോ സാമ്പത്തിക വർഷത്തെയും ചെലവുകളുടെ അടങ്കൽ പത്രിക സഭ മുമ്പാകെ വയ്ക്കണമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. ഇത് വരവ് ചെലവുകളുടെ വർഷാരംഭത്തിലുള്ള അടങ്കൽ മാത്രമാണ്. വരവിലോ ചെലവിലോ

ഉണ്ടാകുന്ന വ്യത്യാസം ഇതിനെ ബാധിക്കുകയില്ല. തൊട്ടടുത്ത സാമ്പത്തിക വർഷത്തെ പുതുക്കിയ എസ്റ്റിമേറ്റ് വഴി അതിനെ ക്രമവത്കരിക്കുകയാണ് ചെയ്യുന്നത്. ഭരണഘടനയുടെ അനുച്ഛേദം 203 പ്രകാരം സഞ്ചിതനിധിയിൽ നിന്നും നടത്തേണ്ട ചെലവുകൾ സംബന്ധിച്ച് 204-ാം അനുച്ഛേദം പ്രകാരമാണ് ധനവിനിയോഗ ബില്ലുകൾ പാസ്സാക്കുന്നത്. അനുച്ഛേദം 205 പ്രകാരം അനുപൂരകവും കൂടുതലായിട്ടുള്ളതുമായ അധിക ചെലവിലുള്ള സഹായധനങ്ങൾ അനുവദിക്കാവുന്നതും അത് ധനവിനിയോഗ ബില്ലുവഴി ക്രമപ്പെടുത്തുകയുമാണ് ചെയ്യുന്നത്. മുമ്പും ഇപ്രകാരം ചെയ്തിട്ടുള്ളതാണ്. 2024-25 സാമ്പത്തിക വർഷം ബജറ്റിൽ വകയിരുത്തിയ സംസ്ഥാന പദ്ധതി വിഹിതത്തിൽ 63 ശതമാനം നാളിതുവരെ ചെലവഴിച്ചിട്ടുണ്ട്. അതിനാൽ ഭരണഘടനാവിരുദ്ധമായി ഒന്നും തന്നെ ചെയ്തിട്ടില്ല.

റൂളിങ്

മി. സ്പീക്കർ: അപ്രോപ്രിയേഷൻ ആക്റ്റിലൂടെ ഓരോ ഡിമാൻഡിൽനിന്നും ചെലവാകുന്ന പരമാവധി തുകയ്ക്കാണ് സഭ അംഗീകാരം നൽകുന്നത്. ആ പരിധി ലംഘിക്കുന്നതിന് സർക്കാരിന് അധികാരമില്ല. അധിക തുക ചെലവഴിക്കേണ്ട സാഹചര്യമുണ്ടായാൽ അധിക

ധനാഭ്യർഥനയിലൂടെ സഭയുടെ അനുമതി ലഭ്യമാകേണ്ടതുണ്ട്. ചില പ്രത്യേക സാഹചര്യത്തിൽ സർക്കാർ പുറപ്പെടുവിക്കുന്ന എക്സിക്യൂട്ടീവ് ഉത്തരവുകളുടെ ഗണത്തിൽപ്പെടുന്നവയാണ് ഇവിടെ പരാമർശിക്കപ്പെട്ട ഉത്തരവുകൾ. മുൻകാലങ്ങളിലും ഇത്തരം ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് ഭരണഘടനാ വ്യവസ്ഥകളുടെയോ സഭയുടെ അവകാശങ്ങളുടെയോ ലംഘനമായി കാണാൻ സാധിക്കുകയില്ല. അതിനാൽ ക്രമപ്രശ്നം നിലനിൽക്കുന്നതല്ല.

## VII. ധനകാര്യം

### 2025-2026 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റിനെ സംബന്ധിച്ച പൊതുചർച്ച

മി. ഡെപ്യൂട്ടി സ്പീക്കർ: ബജറ്റിനെ അനുകൂലിക്കുന്നു. സംസ്ഥാന സർക്കാരിനെ സാമ്പത്തികമായി ഞെരുക്കുന്ന കേന്ദ്ര സർക്കാരിന്റെ ശ്രമങ്ങളെ അതിജീവിച്ച് സമസ്ത ജനവിഭാഗങ്ങളെയും സംരക്ഷിക്കുന്ന സമീപനമാണ് ഇടതുപക്ഷ സർക്കാർ ഈ ബജറ്റിലൂടെ സ്വീകരിച്ചിരിക്കുന്നത്. ജനങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനും സമഗ്രവികസനത്തിനും പ്രാധാന്യം നൽകുന്ന ബജറ്റാണിത്. വയനാട് ദുരന്തത്തിൽ വീട് നഷ്ടപ്പെട്ടവരെ മാറ്റിപാർപ്പിച്ചതും അവർക്ക് വാടക

നൽകുന്നതും 10,000/- രൂപ ആശ്വാസധനസഹായം നൽകിയതും അഭിനന്ദനാർഹമാണ്. വയനാട് പുനരധിവാസത്തിനായി പ്രത്യേക പാക്കേജ് അനുവദിക്കണമെന്നുള്ള സംസ്ഥാനത്തിന്റെ ആവശ്യം കേന്ദ്ര സർക്കാർ നിരാകരിച്ചത് പ്രതിഷേധാർഹമാണ്. കേന്ദ്രസർക്കാർ അർഹതപ്പെട്ട നികുതി വിഹിതം നൽകാത്തതും ദുരന്തനിവാരണത്തിനുള്ള ധനസഹായം വെട്ടിക്കുറച്ചതും വയബിലിറ്റി ഗ്യാപ് ഫണ്ട് പലിശ സഹിതം തിരിച്ചടക്കണമെന്നും പദ്ധതികളുടെ ലാഭവിഹിതം വേണമെന്നുമുള്ള നിബന്ധനകൾ വച്ചതും വിചിത്രമാണ്. വയനാട് ടൗൺഷിപ്പിന് 750 കോടി രൂപ, വിഴിഞ്ഞം-കൊല്ലം-പുനലൂർ വികസന ത്രികോണ പാതയ്ക്ക് 1000 കോടി രൂപ, കോവളം-ബേക്കൽ ഉൾനാടൻ ജലപാതയ്ക്ക് 500 കോടി രൂപ എന്നിങ്ങനെ ബജറ്റിൽ തുക വകയിരുത്തിയതും കൊട്ടാരക്കരയിലും കണ്ണൂരിലും പുതിയ ഐ.ടി. പാർക്കുകൾ ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചതും ശ്ലാഘനീയമാണ്. ഗ്രാമീണ മേഖലയിൽ തൊഴിൽ സുരക്ഷയും കാർഷിക-കാർഷികേതര തൊഴിലാളികൾക്ക് ഉയർന്ന വേതനവും നൽകാൻ സാധിച്ചു. ക്ഷേമ പെൻഷന് 131.40 കോടി രൂപയും തൊഴിലാളി ക്ഷേമത്തിന് 538.44 കോടി രൂപയും കർഷക തൊഴിലാളി ക്ഷേമനിധിക്ക്

അധികമായി 20 കോടി രൂപയും വകയിരുത്തിയത് അഭിനന്ദനാർഹമാണ്. കർഷക തൊഴിലാളി ക്ഷേമനിധി അംഗങ്ങൾക്കുള്ള കുടിശ്ശികതുക നൽകുന്നതിന് നടപടി സ്വീകരിക്കണം. പട്ടികജാതി പട്ടികവർഗ വിദ്യാർഥികളുടെ സ്റ്റൈപന്റും ലംപ്സംഗ്രാന്റും വർധിപ്പിക്കാനും അൺ-എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഫീസ് ആനുകൂല്യം നൽകാനും നടപടി സ്വീകരിക്കണം. പട്ടികജാതി വികസന കോർപ്പറേഷന് എല്ലാ താലൂക്കുകളിലും സബ് ഓഫീസുകൾ അനുവദിക്കുകയും പ്ലാൻ ഫണ്ടിനത്തിൽ തുക വകയിരുത്തുകയും ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ മെച്ചപ്പെടുത്തുകയും ചെയ്യണം. ഭൂമി തരംമാറ്റം വേഗത്തിലാക്കുന്നതിനായി കെ.എസ്.ആർ.ഇ.സി.-ൽ ആവശ്യമായ തുക വകയിരുത്താനും ഉദ്യോഗസ്ഥരെ നിയമിക്കാനുമാവശ്യമായ നടപടി സ്വീകരിക്കണം. ആരോഗ്യമേഖലയിൽ ആർദ്രം പദ്ധതിയിലൂടെ അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്തിയത് ശ്ലാഘനീയമാണ്. ആശാ വർക്കർമാർമാരുടെ സേവന വേതന വ്യവസ്ഥകൾ പരിഷ്കരിക്കാനും പി.എഫ്.-ഇ.എസ്.ഐ. ആനുകൂല്യങ്ങൾ ഉറപ്പാക്കാനും ഓണറേറിയം വർധിപ്പിക്കാനും അവരുടെ പ്രായപരിധി 65 വയസ്സായി ഉയർത്താനും

ശൈലി സർവെയ്ക്ക് ഇൻസെന്റീവ് നൽകാനുമാവശ്യമായ നടപടി സ്വീകരിക്കണം. 44539 കുടുംബങ്ങളെ അതിദാരിദ്ര്യത്തിൽനിന്ന് മോചിപ്പിക്കാൻ സാധിച്ചതും റേഷൻ കടകളെ കെ-സ്റ്റോറുകളായി ഉയർത്തിയതും എല്ലാവർക്കും റേഷൻ കാർഡുകൾ വിതരണം ചെയ്തതും കിടപ്പുരോഗികൾക്ക് 'ഒപ്പം' പദ്ധതിയിലൂടെ വീട്ടുപടിക്കൽ ഭക്ഷ്യസാധനങ്ങൾ ലഭ്യമാക്കുന്നതും അഭിമാനാർഹമാണ്. ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സഹായത്തോടെ വിദ്യാഭ്യാസ രംഗത്ത് മികച്ച പുരോഗതി കൈവരിക്കാൻ കഴിഞ്ഞു. സാക്ഷരതാ പ്രേരക്മാർക്ക് മിനിമം വേതനം ഉറപ്പാക്കാനും അവരുടെ എണ്ണം വർധിപ്പിക്കാനും ഗ്രാറ്റുവിറ്റിയും പെൻഷനും നൽകാനും നടപടി സ്വീകരിക്കണം. പൊതുമരാമത്ത് പദ്ധതികൾ വേഗത്തിൽ പൂർത്തീകരിക്കുന്നതിനായി എല്ലാ ജില്ലകളിലും ഡിസൈൻ വിങ് സ്ഥാപിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. അടൂർ നിയോജകമണ്ഡലത്തിലെ പുതിയകാവിൽ ചിറ ടൂറിസം പദ്ധതി നടപ്പാക്കാനും കെൻകോസ് ഭൂമിയിൽ ഐ.ടി. പാർക്ക് സ്ഥാപിക്കാനും ആവശ്യമായ നടപടി സ്വീകരിക്കണം. സർക്കാർ ജീവനക്കാരുടെ ശമ്പള

പരിഷ്കരണം സംബന്ധിച്ച് സമയബന്ധിതമായി തീരുമാനമെടുക്കണം. അഭിഭാഷക ക്ലർക്കുമാരുടെ ക്ഷേമനിധി ബിൽ പാസ്സാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ശ്രീ. എം. രാജഗോപാലൻ: ബജറ്റിനെ അനുകൂലിക്കുന്നു. കേന്ദ്ര ഗവൺമെന്റ് കേരളത്തിനുമേൽ തീർത്ത സാമ്പത്തിക ഉപരോധത്തെ പ്രതിരോധിക്കുന്ന ബജറ്റാണിത്. തീവ്ര കാലാവസ്ഥ വെല്ലുവിളികൾ, വയോജനങ്ങൾ വർധിക്കുകയും തൊഴിൽപ്രായത്തിലുള്ളവർ കുറയുകയും ചെയ്യുന്ന ജനസംഖ്യാ മാറ്റം, അതുണ്ടാക്കുന്ന ക്ഷേമാവശ്യങ്ങൾ, കുടിയേറ്റം, വർധിക്കുന്ന മനുഷ്യ-വന്യജീവി സംഘർഷം തുടങ്ങി കേരളത്തിന്റെ വ്യത്യസ്ത വികസന വെല്ലുവിളികളെ നേരിടാനുള്ള പ്രായോഗികവും നൂതനവുമായ നടപടികളാണ് ബജറ്റിലൂടെ സർക്കാർ സ്വീകരിക്കുന്നത്. റവന്യൂ കമ്മിയും ധനക്കമ്മിയും ജി.എസ്.ഡി.പി. അനുപാതവും കുറച്ചുകൊണ്ടുവരാനും നികുതി-നികുതിയേതര വരുമാനവും തനത് വരുമാനവും വർധിപ്പിക്കാനും കഴിഞ്ഞത് നേട്ടങ്ങളാണ്. കാസർഗോഡ് വികസന പാക്കേജിനുള്ള തുക വർധിപ്പിക്കണം. ചീമേനി വ്യവസായ പാർക്ക് പ്രാബല്യത്തിൽ വരുത്താനാവശ്യമായ അടിയന്തര ഇടപെടലുണ്ടാകണം.

<u>ഡോ. മാത്യു കുഴൽനാടൻ</u>: ബജറ്റിനെ എതിർക്കുന്നു. യാഥാർത്ഥ്യബോധമില്ലാത്ത ഒരു ബജറ്റാണിത്. നികുതി വരുമാനം വർധിപ്പിക്കുന്നതിലും ചെലവ് ചുരുക്കുന്നതിലും ധനകാര്യ അച്ചടക്കം പാലിക്കുന്നതിലും സർക്കാർ പരാജയപ്പെട്ടിരിക്കുകയാണ്. മുൻ വർഷങ്ങളിൽ പ്രഖ്യാപിച്ച പദ്ധതികൾപോലും നടപ്പാക്കാൻ സർക്കാരിന് സാധിച്ചിട്ടില്ല. വിദ്യാഭ്യാസം, ആരോഗ്യം, നഗരവികസനം, അടിസ്ഥാനസൗകര്യ വികസനം എന്നീ മേഖലകളിലെ പദ്ധതി വിനിയോഗം ദേശീയ ശരാശരിയേക്കാൾ താഴെയാണ്. മൂവാറ്റുപുഴയിലെ യൂറോപ്യൻ മാർക്കറ്റിനെ അഗ്രോ പാർക്കാക്കി അപ്ഗ്രേഡ് ചെയ്യാൻ നടപടി സ്വീകരിക്കാത്തത് ഖേദകരമാണ്. നാഷണൽ ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിങ് ഫ്രെയിംവർക്കിന്റെ കണക്കനുസരിച്ച് കേരളത്തിലെ ഒരു സർവകലാശാലപോലും ആദ്യത്തെ 20 റാങ്കിൽ ഉൾപ്പെട്ടിട്ടില്ല. പൊതുമേഖലാ സ്ഥാപനങ്ങൾക്കുവേണ്ടി വകയിരുത്തിയ തുകപോലും കാർഷിക മേഖലയ്ക്ക് മാറ്റിവയ്ക്കാത്ത ബജറ്റാണിത്. മെഡിസെപ്/കാരുണ്യ പദ്ധതികൾക്ക് ഫണ്ട് നീക്കിവയ്ക്കാതെയും മരുന്ന് കമ്പനികൾക്കുള്ള കുടിശ്ശിക നൽകാതെ

ആശുപത്രികളിൽ മരുന്നുക്ഷാമം നേരിടുമ്പോഴും റബ്കോയ്ക്ക് 10 കോടി രൂപ വകയിരുത്തിയ നടപടി ഖേദകരമാണ്.

ശ്രീ. വി. ശശി: ബജറ്റിനെ അനുകൂലിക്കുന്നു. സാമൂഹ്യനീതിക്കും സാമൂഹ്യക്ഷേമത്തിനും കോട്ടം സംഭവിക്കാതെ ജനങ്ങളുടെ ക്ഷേമത്തിനും വികസനത്തിനുമുതകുന്ന ബജറ്റാണ് അവതരിപ്പിച്ചിട്ടുള്ളത്. ആഭ്യന്തരോൽപാദനം വർധിക്കുകയും ധനകമ്മി, റവന്യൂ കമ്മി എന്നിവ കുറയുകയും തനതുവരുമാനം വർധിക്കുകയും ചെയ്തതിനാൽ സംസ്ഥാനത്തെ ധനപ്രതിസന്ധിക്ക് പരിഹാരം കാണാൻ കഴിഞ്ഞിട്ടുണ്ട്. നവകേരള നിർമ്മിതിക്ക് കുതിപ്പേകാൻ കഴിയുന്ന നിർദേശങ്ങളടങ്ങിയ ബജറ്റാണിത്. പശ്ചാത്തല സൗകര്യ വികസനം, വിവരസാങ്കേതികവിദ്യ പദ്ധതികൾ, ഹരിതവാതക പദ്ധതികൾ, ടൂറിസം, മെട്രോ, വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ പൂർത്തീകരണം, സ്റ്റാർട്ടപ്പുകൾ, വിജ്ഞാനാധിഷ്ഠിത മേഖലകൾ, മെഡിക്കൽ ഉപകരണങ്ങൾ, സയൻസ് പാർക്കുകൾ തുടങ്ങിയവയ്ക്ക് മതിയായ തുക വകയിരുത്തിയതും നിർമ്മിത ബുദ്ധി, റോബോട്ടിക്സ്, ബ്ലോക്ക് ചെയിൻ ടെക്നോളജി തുടങ്ങിയ മാറ്റങ്ങൾ ഉൾക്കൊള്ളാനുള്ള നിർദേശങ്ങൾ ഉൾപ്പെടുത്തിയതും ശ്ലാഘനീയമാണ്. തീരദേശവികസനം,

തദ്ദേശസ്വയംഭരണം, പരമ്പരാഗത വ്യവസായം എന്നിവയ്ക്കും മുന്തിയ പരിഗണന നൽകിയിട്ടുണ്ട്. കാർഷികമേഖലയ്ക്കും വിള പരിപാലനത്തിനും തുക വകയിരുത്തുകയും സുസ്ഥിര നെൽകൃഷി വികസനത്തിനും റോയൽറ്റിക്കുമായി അധികതുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഗതാഗതം, വാർത്താവിനിമയം, പട്ടികജാതി/പട്ടികവർഗ വിഭാഗങ്ങളുടെ ക്ഷേമം, ലൈഫ് മിഷൻ, ആരോഗ്യം, വിദ്യാഭ്യാസം എന്നിവയ്ക്ക് തുക അനുവദിച്ചിട്ടുണ്ട്. വിഴിഞ്ഞം-കൊല്ലം-പുനലൂർ വികസന ത്രികോണ പദ്ധതി, തിരുവനന്തപുരം ഔട്ടർ ഏരിയ വളർച്ചാ ഇടനാഴി തുടങ്ങി ഒട്ടേറെ നിർദേശങ്ങളടങ്ങിയ ബജറ്റിൽ നവ കേരളത്തിന്റെ കൃത്യമായ ചിത്രം കാണാൻ സാധിക്കുന്നതാണ്. വയനാട് മുണ്ടക്കൈ പുനരധിവാസ പദ്ധതിക്ക് ആദ്യഘട്ടമായി 750 കോടി രൂപ അനുവദിച്ചിട്ടുണ്ട്. സർവീസ് പെൻഷൻ കുടിശ്ശികയും ശമ്പള പരിഷ്കരണ കുടിശ്ശികയുടെ രണ്ട് ഗഡുവും നൽകുന്നതാണെന്ന പ്രഖ്യാപനം സ്വാഗതാർഹമാണ്. കോടതി ചെലവുകളുടെ ചെറിയ വർധനവ്, കോൺട്രാക്ട് കാര്യേജ് വാഹനങ്ങളുടെ നികുതി ഘടനയിലെ ഏകീകരണം, 15 വർഷം കഴിഞ്ഞ വാഹനങ്ങളുടെ

നികുതി വർധനവ് എന്നിവയിലൂടെ 366 കോടി രൂപയുടെ അധിക വിഭവ സമാഹരണമാണ് പ്രതീക്ഷിക്കുന്നത്.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: ബഡ്ജറ്റിനെ എതിർക്കുന്നു. സംസ്ഥാനത്ത് വൻകിട പദ്ധതികൾ പ്രഖ്യാപിക്കാനോ ക്ഷേമ പെൻഷൻ തുക വർധിപ്പിക്കാനോ കഴിയാത്തത് സാമ്പത്തിക ഞെരുക്കം അതിജീവിച്ചിട്ടില്ലായെന്നതിന്റെ തെളിവാണ്. പ്രഖ്യാപിച്ച പദ്ധതികൾപോലും പ്രാവർത്തികമാക്കിയോയെന്ന് ഒരു ഇവാലുവേഷൻ നടത്താൻ സർക്കാരിന് കഴിഞ്ഞിട്ടില്ല. വളാഞ്ചേരിയിലെ മുനിസിപ്പാലിറ്റി കെട്ടിടത്തിനുവേണ്ടി വകയിരുത്തിയ 15 കോടി രൂപയുടെ കിഫ്ബി പദ്ധതിക്ക് ഇതുവരെ എ.എസ്. നൽകാൻ കഴിഞ്ഞിട്ടില്ല. പ്രീ-പ്രൈമറി അധ്യാപകർക്ക് ശമ്പളം ഇതുവരെ ലഭ്യമായിട്ടില്ല. ഉന്നതവിദ്യാഭ്യാസരംഗത്ത് കേരളത്തെ ഹബ്ബാക്കി മാറ്റുമെന്ന പ്രഖ്യാപനം നടപ്പാക്കിയിട്ടില്ല.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): ബജറ്റിനെ അനുകൂലിക്കുന്നു. ധനകമ്മിയും റവന്യൂ കമ്മിയും കുറയ്ക്കാനായതും ആഭ്യന്തര ഉൽപാദനം വർധിപ്പിച്ചതും ഗവൺമെന്റിന്റെ മികച്ച ധനകാര്യ മാനേജ്മെന്റിന്റെ ഫലമായാണ്. കേന്ദ്ര ഗവൺമെന്റിന് എഫ്.ആർ.ബി.എം. ആക്ടിന്റെ

സൂചകങ്ങളിലേയ്ക്ക് കടക്കാനാകാത്തതുകാരണം അത് സംസ്ഥാനങ്ങളുടെ മേൽ അടിച്ചേല്പിച്ച് കടമെടുപ്പ് പരിധിക്ക് നിയന്ത്രണം ഏർപ്പെടുത്തുകയാണ്. വയനാട് ഉൾപ്പെടെയുള്ള പ്രകൃതി ദുരന്തങ്ങൾ കണ്ടില്ലെന്ന് നടിക്കുന്ന നിലപാടാണ് കേന്ദ്രഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. കിഫ്ബി പദ്ധതി മുഖേന കാഞ്ഞിരപ്പള്ളി ജനറൽ ആശുപത്രിക്ക് ഒരു കാത്ത് ലാബ് അനുവദിച്ചത് സ്വാഗതാർഹമാണ്. സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും പ്ലാൻ ഫണ്ട് വർധിപ്പിച്ചുവെന്നുള്ളതാണ് ഈ ബജറ്റിന്റെ പ്രത്യേകത. തദ്ദേശഭരണ സ്ഥാപനങ്ങളെ സഹായിച്ചും വ്യാവസായിക മേഖലയിലെ ഇൻവെസ്റ്റ്മെന്റുകൾ വർധിപ്പിച്ചും ഉന്നതവിദ്യാഭ്യാസരംഗത്ത് കാലാനുസൃതമായ മാറ്റമുണ്ടാക്കിയും കേരളത്തിന്റെ ഭാവിയെ കൂടുതൽ ഊർജ്ജസ്വലമാക്കിക്കൊണ്ട് ദിശാബോധമുള്ള ബജറ്റാണ് അവതരിപ്പിച്ചിട്ടുള്ളത്.

ശ്രീ. പി. ജെ. ജോസഫ്: ബജറ്റിനെ എതിർക്കുന്നു. ബജറ്റിലൂടെ പദ്ധതിവിഹിതം 50 ശതമാനം വെട്ടിക്കുറച്ചിരിക്കുകയാണ്. ഇടുക്കി പാക്കേജിന് അനുവദിച്ച തുക ചെലവഴിച്ചിട്ടില്ല. ഉടുമ്പൻചോല കാർഡമം ഹിൽ റിസർവിൽ നിലവിലുള്ള ഭൂമി തർക്കം പരിഹരിച്ച് പട്ടയം

ലഭ്യമാക്കണം. വനം-വന്യ ജീവി സംരക്ഷണത്തിന് വകയിരുത്തിയിരിക്കുന്ന തുക മുഴുവനും അനുവദിക്കാത്തത് ഖേദകരമാണ്. വന്യജീവി ആക്രമണം തടയുന്നതിന് ഹാങിങ് ഫെൻസിങ് നിർമ്മിക്കുന്നതിനും വന്യജീവി ആക്രമണംമൂലം മരണമടയുന്നവരുടെ ആശ്രിതർക്ക് അടിയന്തരസഹായം ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം. റബ്ബറിന്റെ വില സ്ഥിരതാ ഫണ്ട് വർധിപ്പിക്കുന്നതിനും ഇലക്ട്രിക് വാഹനങ്ങൾക്ക് ഏർപ്പെടുത്തിയ നികുതി പിൻവലിക്കുന്നതിനും കാരുണ്യ ബെനവലന്റ് പദ്ധതി പുനഃസ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കണം. ഭൂനികുതി വർധിപ്പിച്ചത് പ്രതിഷേധാർഹമാണ്. ബജറ്റ് പ്രഖ്യാപനങ്ങൾ സമയബന്ധിതമായി നടപ്പാക്കണം.

<u>ശ്രീ. കെ. ഡി. പ്രസേനൻ</u>: ബജറ്റിനെ അനുകൂലിക്കുന്നു. കേന്ദ്ര സർക്കാരിന്റെ കടുത്ത സാമ്പത്തിക അവഗണനയിലും നവ കേരള സൃഷ്ടിക്കായി സമസ്ത മേഖലകളുടെയും വികസനം ഉറപ്പാക്കുന്ന ബജറ്റ് അവതരിപ്പിച്ച സർക്കാരിനെ അഭിനന്ദിക്കുന്നു. ക്ഷേമ പെൻഷനുകളുടെ തുക വർധിപ്പിക്കണം. നെല്ല് സംഭരണത്തിലെ പ്രതിസന്ധി പരിഹരിക്കുന്നതിനും നെല്ല് സംഭരണവില വർധിപ്പിക്കുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം

ചെലുത്തുന്നതിനും നടപടി സ്വീകരിക്കണം. വയനാട് ദുരന്ത നിവാരണത്തിനും ജി.എസ്.ടി. നഷ്ടപരിഹാരത്തിനും പ്രവാസി ക്ഷേമത്തിനും വിഴിഞ്ഞം തുറമുഖ വികസനത്തിനുമുൾപ്പെടെ തുക ആവശ്യപ്പെട്ടിട്ടും വികസനത്തിൽ ഒന്നാമതായി നിൽക്കുന്നുവെന്ന കാരണം പറഞ്ഞ് കേന്ദ്ര സർക്കാർ കേരളത്തെ അവഗണിച്ചത് പ്രതിഷേധാർഹമാണ്.

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: ബജറ്റിനെ അനുകൂലിക്കുന്നു. വികസനവും സാമൂഹ്യനീതിയും ഉറപ്പാക്കുന്ന ബജറ്റാണ് അവതരിപ്പിച്ചിട്ടുള്ളത്. വയനാട് ദുരന്ത നിവാരണത്തിന് തുക അനുവദിക്കാത്ത കേന്ദ്ര സർക്കാർ നടപടി പ്രതിഷേധാർഹമാണ്. അർഹമായ നികുതി വിഹിതം നൽകാതെ കേന്ദ്രം സാമ്പത്തികമായി ഞെരുക്കുമ്പോഴും പ്രതിസന്ധിയിൽനിന്നും കരകയറാൻ കേരളത്തിന് സാധിക്കുന്നുവെന്നത് അഭിമാനകരമാണ്. ബദൽ വിഭവ സമാഹരണംവഴി സാമൂഹ്യസുരക്ഷാ പദ്ധതികളുൾപ്പെടെ കാര്യക്ഷമമായി നടപ്പാക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. സംസ്ഥാനത്തിന്റെ തനതു വരുമാനത്തിൽ 50 ശതമാനം വർധനവുണ്ടായത് സർക്കാരിന്റെ ഇച്ഛാശക്തി വിളിച്ചോതുന്നതാണ്. കേരളത്തെ വയോജന സൗഹൃദ സംസ്ഥാനമാക്കി മാറ്റണം. കോഴിക്കോട് മെട്രോ റെയിൽ പദ്ധതിക്ക് അംഗീകാരം നൽകണം.

കോഴിക്കോട് എൻ.ജി.ഒ. ക്വാർട്ടേഴ്സിലെ നിലവിലുള്ള കെട്ടിടങ്ങൾ പൊളിച്ചുമാറ്റി രണ്ട് ഫ്ലാറ്റ് സമുച്ചയങ്ങൾ നിർമ്മിക്കാനും ബാക്കിവരുന്ന സ്ഥലത്ത് ഒരു കൺവെൻഷൻ സെന്റർ സ്ഥാപിക്കാനുമാവശ്യമായ തുക അനുവദിക്കണം. പൂനൂർ പുഴയിലെ വെള്ളം കയറുന്നതുമൂലം കണ്ണാടിക്കൽ പ്രദേശത്തുണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് 5 കോടി രൂപ അനുവദിക്കണം. വെസ്റ്റ് ഹിൽ - ഭട്ട് റോഡ് ബീച്ചിൽ പുലിമുട്ട് സ്ഥാപിക്കുന്നതിന് അധികതുക അനുവദിക്കണം. ഇന്റർനാഷണൽ ഇൻഡോർ സ്റ്റേഡിയം യാഥാർത്ഥ്യമാക്കാൻ നടപടി സ്വീകരിക്കണം. സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്ടിലുൾപ്പെട്ട പനാത്ത്താഴം-സി.ഡബ്ല്യൂ.ആർ.ഡി.എം. റോഡിലെ നേതാജി നഗർ ജങ്ഷനിൽ മേൽപ്പാലം നിർമ്മിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം.

<u>ശ്രീമതി യു. പ്രതിഭ</u>: ബജറ്റിനെ അനുകൂലിക്കുന്നു. ഭരണ-പ്രതിപക്ഷ ഭേദമന്യേ എല്ലാ മണ്ഡലങ്ങൾക്കും ബജറ്റിൽ തുല്യ പരിഗണനയാണ് നൽകിയിട്ടുള്ളത്. ക്ഷേമപെൻഷൻ നൽകുന്നതിന് അനുവദിക്കേണ്ട തുച്ഛമായ വിഹിതംപോലും അനുവദിക്കാത്ത കേന്ദ്ര സമീപനം പ്രതിഷേധാർഹമാണ്. സംസ്ഥാന വിഹിതത്തിലുൾപ്പെടുത്തി കരീലകുളങ്ങര പോലീസ് സ്റ്റേഷൻ

നിർമ്മാണം പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കണം. പാലങ്ങളുടെ പുനരുദ്ധാരണ പദ്ധതിയിൽ കായംകുളത്തെ ടി.എം.ചിറ പാലം ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കണം. സമസ്തമേഖലകളെയും സ്പർശിച്ചുകൊണ്ടുള്ള ബജറ്റാണ് അവതരിപ്പിച്ചിരിക്കുന്നത്.

ശ്രീ. സജീവ് ജോസഫ്: ബജറ്റിനെ എതിർക്കുന്നു. മെട്രോ, മോണോ റെയിൽ തുടങ്ങിയ പതിവ് സ്വപ്നപദ്ധതികളുടെ പ്രഖ്യാപനങ്ങൾക്കപ്പുറം ജനങ്ങളുടെ ജീവിത നിലവാരത്തിൽ ഗുണപരമായ മാറ്റങ്ങൾ കൊണ്ടുവരുന്നതിനുള്ള ഒരു നിർദേശവും ബജറ്റിലുൾപ്പെടുത്തിയിട്ടില്ല. ജനങ്ങളുടെമേൽ അധിക നികുതിഭാരം ചുമത്തുന്ന ബജറ്റാണിത്. കർഷകരുടെ ഉൽപന്നങ്ങൾക്ക് ന്യായവില ലഭിക്കാത്ത പ്രശ്നം പരിഹരിക്കുന്നതിനുള്ള നിർദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്താത്തത് ഖേദകരമാണ്. കർഷകരുടെ കടബാധ്യത എഴുതിത്തള്ളാനോ പലിശ സബ്സിഡി നൽകാനോ കടാശ്വാസ കമ്മീഷൻ ശാക്തീകരിക്കാനോ ഉള്ള പ്രഖ്യാപനങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. വന്യമൃഗശല്യം തടയുന്നതിനും വന-വനേതര ഭൂമിയെ വേർതിരിക്കുന്നതിനുള്ള ഫെൻസിങ് സ്ഥാപിക്കുന്നതിനും തുക വകയിരുത്താത്തത് പ്രതിഷേധാർഹമാണ്.

ഭൂനികുതി 50 ശതമാനം വർധിപ്പിച്ച തീരുമാനം പിൻവലിക്കണം. ഇലക്ട്രിക് വാഹനങ്ങളുടെ നികുതി വർധിപ്പിച്ചതും 15 വർഷം കഴിഞ്ഞ വാഹനങ്ങൾക്ക് അധികനികുതി ഏർപ്പെടുത്തിയതും പുനഃപരിശോധിക്കണം. റബ്ബറിന്റെ താങ്ങുവില 250 രൂപയായും ക്ഷേമപെൻഷൻ 2500 രൂപയായും വർധിപ്പിക്കണം. ഇരിക്കൂർ നിയോജകമണ്ഡലത്തിലെ കാലപ്പഴക്കംമൂലം അപകടത്തിലായ പാലങ്ങൾ പുനർ നിർമ്മിക്കാൻ തുക വകയിരുത്തണം. കണ്ണൂർ ജില്ലയിലെ പാലക്കയംതട്ടിൽ ടൂറിസം പദ്ധതി യാഥാർഥ്യമാക്കാൻ നടപടി സ്വീകരിക്കണം.

<u>ശ്രീ. പി. മമ്മിക്കുട്ടി</u>: ബജറ്റിനെ അനുകൂലിക്കുന്നു. കേന്ദ്ര സർക്കാർ അർഹതപ്പെട്ട വിഹിതം നൽകാതിരുന്നിട്ടും വിവിധ വകുപ്പുകൾക്ക് ബജറ്റിൽ ആവശ്യമായ തുക വകയിരുത്തിയത് അഭിനന്ദനാർഹമാണ്. നികുതി പിരിവ് ഊർജ്ജിതമാക്കി സംസ്ഥാനത്തിന്റെ തനത് വരുമാനം വർധിപ്പിക്കാൻ സാധിച്ചു. ഐക്കോൺസിന്റെ പ്രവർത്തനം മെച്ചപ്പെടുത്താനായി നോൺ പ്ലാൻ ഇനത്തിൽ ഫണ്ട് അനുവദിക്കണം. എം. ടി. വാസുദേവൻ നായർക്ക് സ്മാരകം നിർമ്മിക്കാനായി ബജറ്റിൽ തുക വകയിരുത്തിയത് സ്വാഗതാർഹമാണ്. ചെർപ്പുളശ്ശേരിയിൽ ഫയർ സ്റ്റേഷൻ സ്ഥാപിക്കാനും

സാമൂഹ്യ സുരക്ഷാ പെൻഷൻ, കർഷകത്തൊഴിലാളി പെൻഷൻ എന്നിവ വർധിപ്പിക്കാനും നടപടി സ്വീകരിക്കണം.

ശ്രീ. എം. എസ്. അരുൺ കുമാർ: ബജറ്റിനെ അനുകൂലിക്കുന്നു. ചൂരൽമല, മുണ്ടക്കൈ പുനരധിവാസത്തിനും പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങളുടെ ക്ഷേമ പ്രവർത്തനങ്ങൾക്കും അധിക തുക വകയിരുത്തിയത് പ്രശംസനീയമാണ്. മാവേലിക്കരയിലെ രാജാ രവിവർമ്മ ഫൈൻ ആർട്സ് കോളേജിൽ Centre of Excellence for Visual Arts എന്ന അന്താരാഷ്ട്ര പഠന കേന്ദ്രത്തിന് പുതിയ കെട്ടിടം നിർമ്മിക്കാനും സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയായി ഉയർത്തിയ നൂറനാട് ലെപ്രസി സാനിറ്റോറിയത്തിൽ ആരംഭിക്കുന്ന ഡയാലിസിസ് സെന്ററിന് ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്താനും നടപടി സ്വീകരിക്കണം. നൂറനാട് നന്ദികേശ പൈതൃക സ്മാരകത്തിന് തുക വകയിരുത്തുകയും മാവേലിക്കര നിയോജകമണ്ഡലത്തിലെ കുടിവെള്ള പദ്ധതി പൂർത്തീകരിക്കുകയും ചെയ്യണം.

ശ്രീ. തോമസ് കെ. തോമസ്: ബജറ്റിനെ അനുകൂലിക്കുന്നു. സമസ്ത ജനവിഭാഗങ്ങളുടെയും ഉന്നമനം ലക്ഷ്യംവയ്ക്കുന്ന ബജറ്റാണ് അവതരിപ്പിച്ചിരിക്കുന്നത്. കുട്ടനാടിന്റെ സമഗ്ര വികസനത്തിന് 100 കോടി രൂപ

മാറ്റിവച്ച നടപടി പ്രശംസനീയമാണ്. കുട്ടനാട്ടിലെ പാടശേഖരങ്ങൾ ശക്തിപ്പെടുത്തുന്നതിന് ഫണ്ട് അനുവദിച്ചതും വള്ളംകളിക്ക് തുക അനുവദിച്ചതും അഭിനന്ദനാർഹമാണ്. കിഫ്ബിയിലൂടെ നിരവധി വികസന പദ്ധതികൾ യാഥാർത്ഥ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്. കുട്ടനാട്ടിലെ കർഷകർ നേരിടുന്ന പ്രതിസന്ധി കണക്കിലെടുത്ത് തണ്ണീർത്തട സംരക്ഷണ നിയമത്തിൽ പ്രത്യേക ഇളവ് അനുവദിക്കുന്ന കാര്യം പരിഗണിക്കണം. കുട്ടനാട്ടിലെ സി-ബ്ലോക്ക് റോഡിന്റെ നിർമ്മാണം പൂർത്തീകരിക്കണം. സംസ്ഥാനത്തിന്റെ ജി.എസ്.ടി. വിഹിതം കവർന്നെടുത്ത കേന്ദ്ര നിലപാടിനെതിരെ ശബ്ദമുയർത്താത്ത പ്രതിപക്ഷ നിലപാട് അപലപനീയമാണ്.

<u>ശ്രീ. പി. ഉബൈദുള്ള</u>: ബജറ്റിനെ എതിർക്കുന്നു. ആശ്വാസ കിരണം പദ്ധതിയിൻകീഴിലുള്ള ആനുകൂല്യവും സാമൂഹ്യക്ഷേമ പെൻഷൻ കുടിശ്ശികകളും സമയബന്ധിതമായി കൊടുത്തുതീർക്കണം. സർക്കാർ ജീവനക്കാരുടെ ഡി.എ., ശമ്പള പരിഷ്കരണ കുടിശ്ശിക എന്നിവ അനുവദിക്കണം. ന്യൂനപക്ഷ വിദ്യാർത്ഥികളുടെ സ്കോളർഷിപ്പ്, പട്ടികജാതി വിഭാഗം വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ സഹായ പദ്ധതി, പഠനമുറി നിർമ്മാണത്തിനുള്ള ധനസഹായം എന്നിവ വെട്ടിച്ചുരുക്കിയ നടപടി ഖേദകരമാണ്. വഖഫ് ബോർഡിന് ഗ്രാന്റ് അനുവദിക്കാത്തതും അപലപനീയമാണ്. സഹകരണ വകുപ്പിൽ ഭിന്നശേഷി

സംവരണാനുകൂല്യം വർധിപ്പിച്ചതിനെത്തുടർന്ന് മുസ്ലീം ക്വാട്ടയിലുള്ള രണ്ട് തസ്തികകൾ വെട്ടിക്കുറച്ച നടപടി പുനഃപരിശോധിക്കണം. പ്രതിപക്ഷാംഗങ്ങളുടെ നിയോജകമണ്ഡലങ്ങളിലെ പ്രവൃത്തികൾക്ക് ഫണ്ട് അനുവദിക്കുന്നതിൽ വിവേചനപരമായ നിലപാടാണ് ഈ സർക്കാർ സ്വീകരിക്കുന്നത്. മലപ്പുറം റവന്യൂ ടവർ നിർമ്മാണത്തിനും മഞ്ചേരി മെഡിക്കൽ കോളേജ് വികസനത്തിനും ഫണ്ട് അനുവദിക്കുകയും മലപ്പുറം കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ നിർമ്മാണം പൂർത്തീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്യണം. മടങ്ങിവരുന്ന പ്രവാസികൾക്കുവേണ്ടി പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കണം. വാഹനങ്ങളുടെ ആർ.സി. ബുക്ക് കാലതാമസം കൂടാതെ ലഭ്യമാക്കാനുള്ള സൗകര്യം ഏർപ്പെടുത്തണം. മുഹമ്മദ് റഹിമാൻ സാഹിബിന്റെ പേരിൽ മലപ്പുറത്ത് സാംസ്കാരിക സമുച്ചയം നിർമ്മിക്കണം. ഓരോ പഞ്ചായത്തിലും നിലവാരമുള്ള കളിക്കളം നിർമ്മിക്കുമെന്ന മുൻ ബജറ്റ് പ്രഖ്യാപനം പ്രാവർത്തികമാക്കണം. കോടതി ഫീസ് വർധിപ്പിക്കാനുള്ള തീരുമാനം പുനഃപരിശോധിക്കണം.

<u>ശ്രീ. ജി. എസ്. ജയലാൽ</u>: ബജറ്റിനെ അനുകൂലിക്കുന്നു. കേന്ദ്ര വിഹിതത്തിൽ അമ്പതിനായിരം കോടി രൂപയുടെ കുറവുണ്ടായിട്ടും ചെലവ് ചുരുക്കി തനതുവരുമാനം വർധിപ്പിക്കാൻ സാധിച്ചത് ഗവൺമെന്റിന്റെ നേട്ടമാണ്.

2025-26-ലെ കേന്ദ്ര ബജറ്റിൽ വിഭവ സമാഹരണത്തിലും ചെലവഴിക്കലിലും കേന്ദ്രത്തിനും സംസ്ഥാനങ്ങൾക്കുമിടയിൽ നിലനിൽക്കുന്ന അന്തരം കുറയ്ക്കാൻ യാതൊരു നടപടിയുമുണ്ടായിട്ടില്ല. സംസ്ഥാനത്തിന്റെ ധനവിഹിതത്തിൽ ഇത്രയേറെ വെട്ടിക്കുറവുവരുത്തിയ കാലഘട്ടവും മുമ്പുണ്ടായിട്ടില്ല. രാസവള സബ്സിഡി, തൊഴിലുറപ്പ് പദ്ധതി, ആർ.കെ.വി.വൈ., പ്രധാൻമന്ത്രി ഫസൽ ബീമാ യോജന, പി.എം. കിസാൻ സമ്മാൻ നിധി, ഭക്ഷ്യ സബ്സിഡി, എൽ.പി.ജി. സബ്സിഡി എന്നിവയ്ക്കുള്ള തുകയിൽ വെട്ടിക്കുറവ് വരുത്തിയ കേന്ദ്ര സർക്കാർ നടപടി പ്രതിഷേധാർഹമാണ്. എല്ലാവർക്കും വീടെന്ന സ്വപ്നം സാക്ഷാത്കരിക്കുന്നതിനായി 1160 കോടി രൂപ സംസ്ഥാന ബജറ്റിൽ വകയിരുത്തിയിരിക്കുന്നതും 60 ശതമാനത്തോളം ആളുകൾ പൊതുജനാരോഗ്യ മേഖലയെ ആശ്രയിക്കുന്നതും ഇന്ത്യയിൽ മറ്റൊരു സംസ്ഥാനത്തുമില്ലാത്ത വിധത്തിലുള്ള അടിസ്ഥാന സൗകര്യ വികസനങ്ങൾ കേരളത്തിൽ നടക്കുന്നതും സംസ്ഥാന സർക്കാരിന്റെ മികച്ച പ്രവർത്തനങ്ങളെയാണ് സൂചിപ്പിക്കുന്നത്. പട്ടയങ്ങൾ സ്മാർട്ട് ആക്കുകയും ഡിജിറ്റൽ സർവെ നടപടികളുമായി മുന്നോട്ടുപോകുകയും യുണീക് തണ്ടപ്പേർ എന്ന ചരിത്രപരമായ നേട്ടം കൈവരിക്കുകയും ചെയ്ത് കേരളം മുന്നോട്ടുകുതിക്കുകയാണ്. സ്മാർട്ട് കൃഷിഭവൻ പദ്ധതിക്കുവേണ്ടി കൂടുതൽ തുക

അനുവദിക്കണം. വിലക്കയറ്റം നിയന്ത്രിക്കുന്നതിനും ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുന്നതിനുമുള്ള പദ്ധതികൾ ഫലപ്രദമായി നടപ്പാക്കുന്നതിന് കൂടുതൽ തുക അനുവദിക്കണം. കേന്ദ്ര സർക്കാർ കേരളത്തിനെതിരെ സാമ്പത്തിക ഉപരോധം തീർത്തുകൊണ്ടിരിക്കുമ്പോഴും അതിനെയെല്ലാം അതിജീവിച്ച് എല്ലാ വികസന സൂചികയിലും കേരളം ഒന്നാമതെത്തുന്നത് ഈ സർക്കാരിന്റെ ഇച്ഛാശക്തികൊണ്ട് മാത്രമാണ്. ഭൂവിസ്തൃതി കണക്കാക്കി ഭൂനികുതി നിശ്ചയിക്കുന്നതിനുപകരം ലാൻഡ് വാല്യൂ അനുസരിച്ച് ഭൂനികുതി നിശ്ചയിക്കുന്നതിനുള്ള സംവിധാനമൊരുക്കണം. ട്രാഫിക് കുറ്റകൃത്യങ്ങൾക്കുള്ള പിഴത്തുക വർധിപ്പിക്കണം. കൊല്ലം ജില്ലയിൽ ഐ.ടി. പാർക്ക് സ്ഥാപിക്കുന്നതിനായി ചാത്തന്നൂർ സ്പിന്നിങ് മിൽ കോമ്പൗണ്ടിലുള്ള 10 ഏക്കർ ഭൂമി പരിഗണിക്കാവുന്നതാണ്. പരവൂർ ദേവരാജൻ മാസ്റ്റർ, വി. കേശവനാശാൻ, കെ.സി. കേശവപിള്ള, പോളച്ചിറ രാമചന്ദ്രൻ തുടങ്ങിയവരുടെ സ്മരണാർത്ഥം ഒരു സാംസ്കാരിക സമുച്ചയം നിർമ്മിക്കുന്നതിനായി 5 കോടി രൂപ അനുവദിക്കണം.

<u>ശ്രീ. റോജി എം. ജോൺ</u>: ബജറ്റിനെ എതിർക്കുന്നു. നിയമസഭയിൽ പാസ്സാക്കുന്ന ബജറ്റ് വിഹിതത്തിന്റെ 50% രണ്ടാം ക്വാർട്ടറിൽത്തന്നെ

എക്സിക്യൂട്ടീവ് ഓർഡറിലൂടെ വെട്ടിക്കുറയ്ക്കുന്ന നടപടി പ്രതിഷേധാർഹമാണ്. ചരിത്രത്തിലാദ്യമായി പട്ടികജാതി വിഭാഗത്തിൽപ്പെട്ട മന്ത്രിയില്ലാത്ത സർക്കാരാണിത്. സാമ്പത്തിക വർഷം അവസാനിക്കാറായിട്ടും എല്ലാ വകുപ്പുകളുടെയും ആകെ പദ്ധതിച്ചെലവ് പദ്ധതി വിഹിതത്തിന്റെ പകുതിപോലും ആയിട്ടില്ലെന്നത് ആശങ്കാജനകമാണ്. ക്ഷേമപെൻഷൻ വർധിപ്പിക്കുമെന്ന പ്രഖ്യാപനവും യാഥാർഥ്യമാക്കാൻ കഴിഞ്ഞിട്ടില്ല. കുടിശ്ശികയായ വിവിധ ക്ഷേമനിധി പെൻഷനുകൾ സമയബന്ധിതമായി കൊടുത്തുതീർക്കണം. ലൈഫ് പദ്ധതിയിൽ ഒരു ലക്ഷത്തിൽപ്പരം വീടുകൾ നിർമ്മാണം പൂർത്തീകരിക്കാനാകാതെ പ്രതിസന്ധിയിലാണ്. കുടുംബശ്രീയുടെ ജനകീയ ഹോട്ടലുകളെല്ലാം അടഞ്ഞുകിടക്കുകയാണ്. സ്കൂളുകളിലെ പാചക തൊഴിലാളികൾക്ക് യഥാസമയം വേതനവും കാലോചിതമായ വേതന പരിഷ്കരണവും വിരമിക്കൽ ആനുകൂല്യങ്ങളും ഉറപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം. പദ്ധതി ചെലവുകൾക്കായി ഫണ്ട് അനുവദിക്കുന്നതിൽ പ്രതിപക്ഷ അംഗങ്ങളോട് കാണിക്കുന്ന വിവേചനം അവസാനിപ്പിക്കണം.

**ശ്രീ. ഐ. ബി. സതീഷ്:** ബജറ്റിനെ അനുകൂലിക്കുന്നു. അവധാനതയോടെ ചുവടുവച്ച് സുസ്ഥിര വികസനത്തിലേക്ക് കേരളത്തെ നയിക്കുന്ന ബജറ്റാണിത്. National Multidimensional Poverty Index-ൽ ഇന്ത്യയിൽ ബഹുമുഖ ദരിദ്രർ ഏറ്റവും കുറഞ്ഞ സംസ്ഥാനം കേരളമാണ്. മണ്ണ്-ജല സംരക്ഷണ മേഖലയിലെ വിവിധ പദ്ധതി പ്രവർത്തനങ്ങൾക്കായി തുക വകയിരുത്തിയതും നെറ്റ് സീറോ കാർബൺ പദ്ധതി 500 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് വ്യാപിപ്പിക്കാനുള്ള തീരുമാനവും ഹരിത ഊർജ്ജ പദ്ധതിക്കുവേണ്ടി തുക നീക്കിവച്ചതും സ്വാഗതാർഹമാണ്. ന്യൂ ഇന്നിങ്സ്, കെ-ഹോംസ് പദ്ധതികൾക്ക് തുക വകയിരുത്തിയത് പ്രശംസനീയമാണ്. സംസ്ഥാനത്തോടുള്ള കേന്ദ്ര അവഗണനയ്ക്കെതിരെ പ്രതികരിക്കാൻ തയ്യാറാകാത്ത പ്രതിപക്ഷ നിലപാട് അപലപനീയമാണ്.

സഭ ഉച്ചയ്ക്കുശേഷം 3.49-ന് പിരിഞ്ഞു.

*******